## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7571 — 15.07.2014-ൽ മറുപടിയ്ക്ക്

### വിവരാവകാശ കമ്മീഷൻ സമർപ്പിച്ച വാർഷിക റിപ്പോർട്ടുകൾ

| | ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവരാവകാശ കമ്മീഷൻ വാർഷിക റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) | വിവരാവകാശ കമ്മീഷൻ പ്രവർത്തനം ആരംഭിച്ച ശേഷം 2005-2006 മുതൽ 2010-2011 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടുകളിൽ കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിച്ചുവെന്നും അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | വിവരാവകാശ കമ്മീഷന്റെ അതത് വർഷത്തെ പ്രവർത്തനങ്ങളുടെ സമഗ്രമായ വിലയിരുത്തലാണ് വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നത്. പ്രസ്തുത റിപ്പോർട്ടിൽ കമ്മീഷൻ പ്രത്യേകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാറില്ല. |
| (സി) | കമ്മീഷൻ ഇതിനകം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളുടെ കോപ്പി ലഭ്യമാക്കുമോ ? | (സി) | 2005-2006 മുതൽ 2010-2011-വരെയുള്ള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത റിപ്പോർട്ടുകൾ കമ്മീഷന്റെ വെബ്സൈറ്റിലും (www.keralasic.gov.in) ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ